പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5573 28.07.2015 - ൽ മറുപടിയ്ക്ക്

**കൊയിലാണ്ടിയിൽ തൊഴിൽ പരിശീലന കേന്ദ്രം**

ചോദ്യം

ശ്രീ. കെ. ദാസൻ

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊയിലാണ്ടിയിൽ മൂടാടി പഞ്ചായത്തിൽ വൃദ്ധർ, വികലാംഗർ എന്നിവർക്ക് തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിന് വേണ്ടി സമർപ്പിച്ച അപേക്ഷയിൽ സാമൂഹ്യനീതി ഓഫീസിൽ ബി 399/13 നമ്പർ ഫയലിൽ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ ; | (എ) | വൃദ്ധജനങ്ങളുടേയും ഭിന്നശേഷിയുള്ളവരുടേയും പുന:രധിവാസത്തിനും തൊഴിൽ പരിശീലനത്തിനുമായി തിക്കോടി ലൈറ്റ് ഹൗസിൽ കൈവശമുള്ള (കേന്ദ്ര സർക്കാർ) ഭൂമി സാമൂഹ്യനീതി വകുപ്പിന് വിട്ടു കിട്ടുന്നതിനായി, ജില്ലാ കളക്ടർക്ക് ലാന്റ് ട്രാൻസ്ഫറിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. ആയതിലേയ്ക്ക് സ്ഥലത്തിന്റെ സ്കെച്ചും പ്ലാനും മൂടാടി വില്ലേജ് ആഫീസറിൽ നിന്ന് ലഭ്യമാക്കുന്നതിന് കോഴിക്കോട് ജില്ലാ സാമൂഹ്യനീതി ആഫീസിലെ B/399/13 നമ്പർ ഫയൽ വഴി നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികളിൽ റവന്യൂ വകുപ്പിൽ നിന്നും സാമൂഹ്യനീതി വകുപ്പിലേക്ക് നൽകിയിട്ടുള്ള കത്തുകൾ/ കുറിപ്പുകൾ എന്നിവയുടെ പകർപ്പ് ലഭ്യമാക്കാമോ ; | (ബി) | ഇക്കാര്യം സംബന്ധിച്ച് കോഴിക്കോട് ജില്ലാ സാമൂഹ്യനീതി ഓഫീസർ മൂടാടി വില്ലേജ് ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത ഫയലിൽ നടപടികൾ മുന്നോട്ട് പോവുന്നതിൽ നിലവിലുള്ള തടസ്സമെന്താണ് എന്ന് വ്യക്തമാക്കാമോ ? | (സി) | തടസ്സമൊന്നുമില്ല. വസ്തു അളന്ന് തിട്ടപ്പെടുത്തി എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

വില്ലേജ് ഓഫീസർ
മൂടാടി

അത്യാവശ്യം

29903

23/1/17

ജില്ലാ സാമൂഹ്യനീതി ഓഫീസർ
കോഴിക്കോട്.

സർ,

വിഷയം:- തിക്കോടി ലൈറ്റ് ഹൗസിന്റെ കൈവശമുള്ള ഭൂമി അളന്ന് തിരിച്ച് സ്കെച്ച് പ്ലാൻ - തയ്യാറാക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) താങ്കളുടെ 29.03.14 ലെ ബി.399/13 നമ്പർ കത്ത്.
2) ഈ ഓഫീസിൽ നിന്നും 08.05.14 ന് കൊയിലാണ്ടി തഹസിൽദാർക്ക് അയച്ച റിപ്പോർട്ട്.
3) താങ്കളുടെ 20.06.14 ലെ ബി.399/13 നമ്പർ കത്ത്.

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. തിക്കോടി ലൈറ്റ് ഹൗസ് ഉൾപ്പെട്ടു വരുന്ന മൂടാടി വില്ലേജിലെ കടലൂർ ദേശത്തെ റീ.സ.നം.5 ൽ പെട്ട 26.32 ~~ഏക്കർ~~ ഭൂമി കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതാണെന്ന് വില്ലേജ് രേഖകൾ പരിശോധിച്ചതിൽ കാണുന്നു. പ്രസ്തുത ഭൂമിയിൽ നിന്നും രണ്ട് ~~ഏക്കർ~~ സ്ഥലം, സാമൂഹ്യനീതി വകുപ്പിന് വേണ്ടി അളന്ന് തിട്ടപ്പെടുത്തി സ്കെച്ച് തയ്യാറാക്കുന്നതിലേക്കായി ആവശ്യമായ സർക്കാർ തലത്തിലുള്ള നിർദ്ദേശങ്ങളോ, ബന്ധപ്പെട്ട വകുപ്പ് മേധാവികളുടെയോ ഉത്തരവുകൾ ഒന്നും തന്നെ ഈ ഓഫീസിൽ ലഭ്യമായതായി കാണുന്നില്ല. അതുമല്ല രണ്ട് ഏക്കർ സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിലേക്കായി താലൂക്ക് സർവ്വേയറുടെ സേവനവും ആവശ്യമാണ്. ആയതിനാൽ മേൽപ്പറഞ്ഞ ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിലേക്കായി സർക്കാരിന്റെയോ, ബന്ധപ്പെട്ട വകുപ്പ് മേധാവികളുടെയോ ഉത്തരവ് ലഭ്യമാണെങ്കിൽ ആയത് ഇതോടെ കൊയിലാണ്ടി താലൂക്ക് തഹസിൽദാർ ഓഫീസുമായി ബന്ധപ്പെടേണ്ടതാണെന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

9/1/17

വില്ലേജ് ഓഫീസർ

VILLAGE OFFICER
MOODADI